സംസ്ഥാന ഭരണത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ നടപടി

2 (4330) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഭരണത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും കെട്ടിക്കിടക്കുന്ന ഫയലുകളിൽ തീർപ്പുകൽപ്പിക്കുന്നതിനും ഓരോ വകുപ്പുകളും മുഖ്യമന്ത്രിക്ക്, പ്രതിമാസ റിപ്പോർട്ട് സമർപ്പിക്കാൻ സർക്കാർ ഉത്തരവിറക്കിയിട്ടുണ്ടോ ;

(ബി) അതുപ്രകാരം എല്ലാ വകുപ്പുകളും പ്രതിമാസ റിപ്പോർട്ടുകൾ സമർപ്പിക്കുന്നുണ്ടോ ;

(സി) ഇതു അവലോകനം ചെയ്യുന്നതിന് മുഖ്യമന്ത്രി പ്രത്യേക മീറ്റിംഗുകൾ നടത്തിയിരുന്നോ ; വിശദാംശം നൽകുമോ ;

(ഡി) ഇതിലൂടെ ഫയൽ തീർപ്പാക്കുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

സംസ്ഥാന ഭരണത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും കെട്ടിക്കിടക്കുന്ന ഫയലുകളിൽ തീർപ്പുകൽപ്പിക്കുന്നതിനും വേണ്ടി സെക്രട്ടേറിയറ്റിലെ ഓരോ വകുപ്പുകളും, പ്രതിമാസ റിപ്പോർട്ട് എല്ലാ മാസവും 10-ാം തീയതി മുഖ്യമന്ത്രിക്ക് സമർപ്പിക്കണമെന്ന് 23-2-2008-ലെ 17221/എ.ആർ13(2)/07/ഉ.ഭ.പ.വ.നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി - ഡി) വിവരം ശേഖരിച്ചു വരുന്നു.

പദ്ധതി പ്രവർത്തനങ്ങളിൽ വകുപ്പുകളുടെ ഏകോപനമില്ലായ്മ

3 (4331) പ്രൊഫ. എൻ. ജയരാജ് :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ വകുപ്പുകളുടെ ഏകോപനമില്ലായ്മ പദ്ധതി പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് ഒഴിവാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) ഇക്കാര്യത്തിൽ ഇനിയും എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനത്തിന്റെ മികവാണ് മെച്ചപ്പെട്ട പദ്ധതി പുരോഗതിക്ക് കാരണം.

LIBRARY ARCHIVES Kerala Legislative Assembly